"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- KLM-BW-2025-26(20 % Provision)-Upgradation work -Providing BM and BC to Perumon Thariyanmukk - Perinad railway Overbridge Road Ch:0/000 to Ch:2/550 - under Panayam Panchayat in kollam LAC-എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(ജി) വകുപ്പ്**

സ.ഉ.(കൈ) നം.24/2026/PWD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-
1. 06/02/2017 ലെ സ.ഉ (പി) നം. 16/2017/ധന
2. സ.ഉ.(സാധാ)നം.1059/2025/പൊമവ തീയതി 16/07/2025
3. പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 11/02/2026 ,16/02/2026 തീയതികളിലെ CEPWD/3070/2026-C4(W)-RD നമ്പർ കത്തുകൾ

**ഉത്തരവ്**

കൊല്ലം ജില്ലയിലെ KLM-BW-2025-26(20 % Provision)-Upgradation work -Providing BM and BC to Perumon Thariyanmukk - Perinad railway Overbridge Road Ch:0/000 to Ch:2/550 - under Panayam Panchayat in kollam LAC എന്ന പ്രവൃത്തിയ്ക്ക് മേൽ പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം 300 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നതും തുടർന്ന് അതേ തുകയ്ക്ക് തന്നെ സാങ്കേതിക അനുമതി നൽകിയിരുന്നതുമാണ്. പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 4തവണ ടെണ്ടർ ചെയ്തിരുന്നു, ആദ്യ 2 ടെണ്ടറുകളിൽ ബിഡുകൾ ലഭിച്ചിരുന്നില്ല 3ാം ടെണ്ടറിൽ ഒരു ബിഡ് ലഭിച്ചിരുന്നു, എന്നാൽ ക്വോട്ട് ചെയ്ത തുക അംഗീകരിക്കാവുന്ന നിരക്കിനെക്കാൾ അധികം ആയിരുന്നു. തുടർന്ന് നടത്തിയ നെഗോസിയേഷനിൽ റേറ്റ് കുറയ്ക്കുന്നതിന് ബിഡർ തയ്യാറായിരുന്നില്ല. ഇതേ തുടർന്ന് പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തിരുന്നു, 4ാം ടെണ്ടറിൽ രണ്ട് ബിഡുകൾ ലഭിച്ചിരുന്നു. പക്ഷേ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ബിഡ് നിലവിൽ അംഗീകരിക്കാനാവുന്ന പരിധിയിൽ അധികമാണ്.അതിനാൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് സൂചന 2 ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത റോഡിന്റെ നിലവിലുള്ള അവസ്ഥ വളരെ മോശമാണെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നതിനാൽ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ, കൊല്ലം ജില്ലയിലെ KLM-BW-2025-26(20 % Provision)-Upgradation work - Providing BM and BC to Perumon Thariyanmukk - Perinad railway Overbridge Road Ch:0/000 to Ch:2/550 - under Panayam Panchayat in kollam

LAC എന്ന പ്രവൃത്തിക്ക് M/s Begorra Infrastructure Developers Pvt. Ltd സമർപ്പിച്ച ക്വോട്ട് ചെയ്ത തുകയായ 3,00,35,710/- രൂപ (മൂന്നു കോടി മുപ്പത്തിയയ്യായിരത്തി എഴുനൂറ്റിപ്പത്തു രൂപ മാത്രം) 2021 DSR അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് PAC-യെക്കാൾ 18.94% കൂടുതൽ ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ 06/02/2017 ലെ സ.ഉ (പി) നം. 16/2017/ധന -ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത്(നിരത്തുകൾ) വിഭാഗം,തിരുവനന്തപുരം
സൂപ്രണ്ടിംഗ്എഞ്ചിനീയർ,പൊതുമരാമത്ത്(നിരത്തുകൾ) വിഭാഗം,ദക്ഷിണമേഖല,തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ,പൊതുമരാമത്ത്(നിരത്തുകൾ) വിഭാഗം,കൊല്ലം.
പൊതുഭരണ(എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്(U.O.No.INPWC1/28/2026-FIN (E 3425318) തീയതി 28/02/2026)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരളം,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
സെക്ഷൻ ഓഫീസർ
Date: 11-03-2026 17:09:17

പകർപ്പ്:മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്